(സി) പ്രസ്തുത റോഡിന്റെ ഒരുവശത്തുകൂടി ഒഴുകുന്ന ഇത്തിക്കര ആറിലെ വെള്ളപ്പൊക്കം നിമിത്തം റോഡ് ഇടിഞ്ഞു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ വാഹനങ്ങൾക്കു് പോകുവാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല.

(സി) ഉണ്ടു്.

കടമ്മനിട്ട സർക്കാർ ആശുപത്രി.

248. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കടമ്മനിട്ട സർക്കാർ ആശുപത്രിക്കു ഒരു വാർഡു് പണിയിക്കുവാൻ ഗവണ്മെൻറിനു് ദയവുണ്ടാകുമോ ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

ഉത്തരം.

(എ) പുതിയ ബഡ്ജറ്റിന്റെ നിലപാടു് അനുസരിച്ചു് ആലോചിക്കാം.

(ബി) ഇല്ല.

റോഡുകളുടെ പണി.

249. [16] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെ പറയുന്ന റോഡുകളുടെ പണി ഏതു നിലയിലിരിക്കുന്നു ;

മേലുകര—റാന്നിറോഡു്

കോഴഞ്ചേരി—മണ്ണാറക്കുളഞ്ഞി റോഡു്

ഉതിമൂടു്—പേരൂച്ചാൽ റോഡു്.

(ബി) ടി റോഡുകളുടെ പണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) 1. മേലുകര—റാന്നി റോഡു് മൂന്നുമൈൽ ദൂരം നന്നാക്കിയിട്ടുണ്ടു്.

2. കോഴഞ്ചേരി—മണ്ണാറക്കുളഞ്ഞി റോഡിൽ ആറുമൈൽ ദൂരം ഇതിനകം ജോലി പൂർത്തിയാക്കിയിട്ടുണ്ടു്.

3. ഉതിമൂടു്—പേരൂച്ചാൽ റോഡിന്റെ ജോലികൾ പൂർത്തിയായി.

(ബി) ബാക്കി പണി എന്നു പൂർത്തിയാകുമെന്നു് പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly